## പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1500

11.08.2017 - ൽ മറുപടിക്ക്.

## കുടുംബശ്രീ സ്കൂളുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ഡി.സതീശൻ<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ.വി.ടി.ബൽറാം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | ഡോ.കെ.ടി.ജലീൽ<br>(തദ്ദേശ സ്വയം ഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ മന്ത്രി) |
| (എ) സംസ്ഥാനത്തെ അയൽക്കൂട്ട വനിതകളുടെ വ്യക്തിത്വവികസനം ലക്ഷ്യമിട്ട് കുടുംബശ്രീ സ്കൂളുകൾ ആരംഭിക്കുവാൻ പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) സംസ്ഥാനത്തെ അയൽക്കൂട്ട വനിതകളുടെ വ്യക്തിത്വ വികസനം ലക്ഷ്യമിട്ട് കുടുംബശ്രീ സ്കൂൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കുടുംബശ്രീ പ്രസ്ഥാനം ഇന്ന് നേരിടുന്ന വെല്ലുവിളികളെയും പരിമിതികളെയും മറികടക്കുന്നതിനും പ്രവർത്തനങ്ങൾ പുനർ നിർണ്ണയം നടത്തുന്നതിനും വേണ്ടി വിപുലമായ സമൂഹാധിഷ്ഠിത സ്വയം പഠന പ്രക്രിയക്ക് തുടക്കം കുറിക്കുന്നതിന് ആലോചിക്കുന്നു. 'കുടുംബശ്രീ സ്ക്കൂൾ' എന്ന പേരിൽ അറിയപ്പെടുന്ന ഈ അനൗപചാരികവിദ്യാഭ്യാസ പരിപാടി 2,77,175 അയൽക്കൂട്ടങ്ങളിലെ 43,06,976 അംഗങ്ങളെയും പങ്കെടുപ്പിച്ച്കൊണ്ടാണ് സംഘടിപ്പിക്കുന്നത്. ഇത്രയധികം ആളുകളെ ഒരൊറ്റ സമൂഹാധിഷ്ഠിത പഠന സംവിധാനത്തിന്റെ ഭാഗമാക്കുന്നത് ലോകത്തു തന്നെ അപൂർവ്വമായ അനുഭവമായിരിക്കും. ഒരു വാർഡിൽ ആറ് കമ്മ്യൂണിറ്റി അധ്യാപകരെ വീതം തിരഞ്ഞെടുത്ത്, സംസ്ഥാനത്താകെ 19,854 എഡിഎസ്സുകളിലായി 1,19,124 അധ്യാപകർ ഈ പ്രവർത്തനത്തിന് നേതൃത്വം നൽകും. രണ്ടു മണിക്കൂർ വീതമുള്ള ആറ് ക്ലാസുകളാണ് ക്രമീകരിച്ചിരിക്കുന്നത്. ഇപ്രകാരം ആകെ പന്ത്രണ്ട് മണിക്കൂർ ക്ലാസ്സാണ് ഓരോ അയൽക്കൂട്ടത്തിനും ലഭിക്കുന്നത്. |

| | | | |
|---|---|---|---|
| (ബി) | ഏതൊക്കെ വിഷയങ്ങളിലാണ് ഈ സ്കൂളുകളിൽ പരിശീലനം നൽകുകയെന്നും അതിനായുള്ള റിസോഴ്സ് പേഴ്സൺമാരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്നും വ്യക്തമാക്കുമോ? | (ബി) | കുടുംബശ്രീസംഘടനാ സംവിധാനം, വിവിധ പദ്ധതികൾ എന്നിവ കൂടാതെ വിവിധ സാമൂഹ്യ വിപത്തുകളായ മദ്യം, മയക്കുമരുന്ന് എന്നിവയും സ്ത്രീശാക്തീകരണം, ആരോഗ്യ ശുചിത്വം, സേവന അവകാശങ്ങൾ എന്നിവയും പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തും.<br><br>റിട്ടയർചെയ്ത അധ്യാപകർ, ഉദ്യോഗസ്ഥർ, സന്നദ്ധ സേവനത്തിന് താല്പര്യമുള്ള വ്യക്തികൾ, സന്നദ്ധ പ്രവർത്തനത്തിന് തയ്യാറുള്ള കോളേജ് വിദ്യാർത്ഥികൾ, മുൻ കുടുംബശ്രീ ഭാരവാഹികൾ, കുടുംബശ്രീ പരിശീലകർ എന്നിവരെയാണ് കുടുംബശ്രീ സ്കൂളിന്റെ റിസോഴ്സ് പേഴ്സൺമാരായി തെരഞ്ഞെടുക്കുന്നത്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ